2024
FEBRUARY
07
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇന്ത്യ മ്യാൻമർ അതിർത്തിയിൽ വേലികെട്ടും: അമിത് ഷാ

**ന്യൂഡൽഹി:** 1643 കിലോമീറ്റർ നീളമുള്ള ഇന്ത്യമ്യാൻമർ അതിർത്തിയിൽ വേലികെട്ടുമെന്നും തൊട്ടടുത്തായി പട്രോളിങ് ട്രാക് നിർമിക്കുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. എക്സ് പ്ലാറ്റ്ഫോമിലൂടെയാണ് പ്രഖ്യാപനം. മണിപ്പൂരിൽ കുക്കിമെയ്തെയ് വിഭാഗങ്ങൾ തമ്മിലുള്ള കലാപം തുടരുന്നതിനിടെയാണു പ്രഖ്യാപനം. അടുത്തിടെ നിരവധി മ്യാൻമർ പൗരന്മാർ അതിർത്തികടന്നു മണിപ്പൂരിൽ പ്രവേശിച്ചതായി വാർത്തകൾ പുറത്തുവന്നിരുന്നു.

'ദേഭിക്കാൻ കഴിയാത്ത അതിർത്തികൾ സൃഷ്ടിക്കുന്നതിൽ നരേന്ദ്ര മോദി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 1643 കിലോമീറ്റർ നീളമുള്ള ഇന്ത്യ മ്യാൻമർ അതിർത്തിക്കു ചുറ്റും വേലി കെട്ടാൻ തീരുമാനിച്ചിട്ടുണ്ട്. മികച്ച നിരീക്ഷണം നടത്തുന്നതിനായി സമീപത്തായി പട്രോൾ ട്രാക്കും നിർമിക്കും. മണിപ്പൂരിലെ മൊറെയിൽ 10 കിലോമീറ്ററോളം വേലി കെട്ടിക്കഴിഞ്ഞു. ഹൈബ്രിഡ് സർവെയ്‌ലൻസ് പദ്ധതി വഴി വേലി കെട്ടുന്നതും പുരോഗമിക്കുകയാണ്. ഈ പദ്ധതിയിലൂടെ അരുണാചൽ പ്രദേശിലും മണിപ്പൂരിലും ഒരു കിലോമീറ്ററോളം വേലി കെട്ടും. മണിപ്പൂരിൽ 20 കിലോമീറ്ററോളം വേലി കെട്ടാനും തീരുമാനമായിട്ടുണ്ട്. നിർമാണം ഉടൻ ആരംഭിക്കും" അമിത് ഷാ എക്സിൽ കുറിച്ചു.

# മത്സരപ്പരീക്ഷകളിൽ ക്രമക്കേട് നടത്തിയാൽ 10 വർഷം ജയിൽ ശിക്ഷ, ഒരു കോടി രൂപ പിഴ

**ബിൽ പാസാക്കി ലോക്സഭ**



**ന്യൂഡൽഹി:** മത്സരപ്പരീക്ഷകളിൽ ക്രമക്കേടു കാണിക്കുന്നവർക്കു പത്ത് വർഷം വരെ ജയിൽശിക്ഷയും ഒരു കോടി രൂപ പിഴയും ലഭിക്കുന്ന പൊതുപരീക്ഷ (അന്യായ രീതികൾ) തടയുന്നതിനുള്ള) ബിൽ ലോക്സഭ പാസാക്കി. രാജ്യസഭ പരിഗണിക്കുന്ന ബിൽ രാഷ്ട്രപതി ഒപ്പിട്ടാൽ നിയമമാകും. ആൾമാറാട്ടം, ഉത്തരക്കടലാസ് തിരിമറി, രേഖകളിലെ തിരിമറി, റാങ്ക് ലിസ്റ്റ് അട്ടിമറി എന്നിവ ജയിൽ ശിക്ഷ ലഭിക്കുന്ന കുറ്റങ്ങളാകും. പഴ്സനൽ മന്ത്രാലയം കൊണ്ടുവന്ന ബിൽ മന്ത്രി ജിതേന്ദ്ര സിങ്ങാണ് അവതരിപ്പിച്ചത്.

ബില്ലിനു കീഴിലുള്ള എല്ലാ കുറ്റകൃത്യങ്ങളിലും ജാമ്യമില്ലാ വകുപ്പു പ്രകാരം പൊലീസിന് അറസ്റ്റ് രേഖപ്പെടുത്താം. പ്രതികളെ വാറന്റില്ലാതെയും അറസ്റ്റു ചെയ്യാം. ആരോപിക്കപ്പെടുന്ന കുറ്റങ്ങൾ ഒത്തുതീർപ്പിലൂടെ പരിഹരിക്കാൻ കഴിയില്ല.

മത്സരപ്പരീക്ഷകളിലെ സുരക്ഷാ ചട്ടങ്ങളുടെ ലംഘനം, സിറ്റിങ് അറേഞ്ച്മെന്റിലെ ക്രമക്കേട്, കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന ചട്ടങ്ങളുടെ ലംഘനം എന്നിവയും കുറ്റങ്ങളായി നിർവചിക്കുന്നു. ഡിവൈഎസ്പി, അസി.കമ്മിഷണർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തേണ്ടത്.

ആവശ്യമെങ്കിൽ കേന്ദ്ര ഏജൻസികളെ കൊണ്ട് അന്വേഷിപ്പിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ടായിരിക്കും.

ഏതെങ്കിലും സ്ഥാപനമാണ് ക്രമക്കേട് നടത്തുന്നതെങ്കിൽ അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടും. സമീപകാലത്ത് രാജസ്ഥാൻ, തെലങ്കാന, ഗുജറാത്ത്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വിവിധ മത്സരപ്പരീക്ഷകളുടെ ചോദ്യക്കടലാസുകൾ ചോർന്നതായി പരാതി ഉയർന്നിരുന്നു



## മധ്യപ്രദേശിലെ പടക്കനിർമാണ ശാല സ്ഫോടനം; മരണം 11 ആയി; 200 ഓളം പേർക്ക് പരിക്ക്

**ഭോപ്പാൽ:** മധ്യപ്രദേശിലെ ഹാർദ ജില്ലയിലെ പടക്കനിർമാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ മരണം 11 ആയി ഉയർന്നു. 200 ൽ അധികം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. സ്ഫോടനത്തിൽ നിരവധി വീടുകൾ കത്തിനശിച്ചു.

അതേസമയം സ്ഫോടനകാരണം വ്യക്തമല്ല. 2 കി.മീ വരെ സ്ഫോടനത്തിന്റെ പ്രകമ്പം കേട്ടു. അപകടത്തിന്റെ വിവരങ്ങൾ തേടി മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് രംഗത്തെത്തിയിട്ടുണ്ട്. മരിച്ചവരുടെ ബന്ധുക്കൾക്ക് 2 ലക്ഷം രൂപ നൽകുമെന്ന് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു.

## ബ്രാൻഡ് ഗാർഡിയൻഷിപ്പ് സൂചിക: സത്യ നാദെല്ലയെയും സുന്ദർ പിച്ചൈയെയും പിന്നിലാക്കി മുകേഷ് അംബാനി



**മുംബൈ:** ബ്രാൻഡ് ഫിനാൻസിന്റെ ബ്രാൻഡ് ഗാർഡിയൻഷിപ്പ് ഇൻഡക്സ് 2024ൽ മുകേഷ് അംബാനി ഇന്ത്യക്കാരിൽ ഒന്നാം സ്ഥാനത്തും ആഗോളതലത്തിൽ രണ്ടാം സ്ഥാനത്തും എത്തി. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്റ്ററുമായ മുകേഷ് അംബാനി, മൈക്രോസോഫ്റ്റിന്റെ സത്യ നാദെല്ലയെയും ഗൂഗിളിന്റെ സുന്ദർ പിച്ചൈയെയും പിന്തള്ളിയാണ് ആഗോളതലത്തിൽ രണ്ടാമതെത്തിയത്. ടെൻസെന്റിന്റെ ഹുവാറ്റെങ് മായാണ് ഒന്നാമത്.

ജീവനക്കാർ, നിക്ഷേപകർ, സമൂഹം എന്നിങ്ങനെ എല്ലാ പങ്കാളികളുടെയും ആവശ്യങ്ങൾ സന്തുലിതമാക്കി സുസ്ഥിരമായ രീതിയിൽ ബിസിനസ്സ് മൂല്യം കെട്ടിപ്പടുക്കുന്ന സിഇഒമാർക്കുള്ള ആഗോള അംഗീകാരമാണ് ബ്രാൻഡ് ഗാർഡിയൻഷിപ്പ് സൂചിക.

മറ്റ് ഇന്ത്യക്കാരിൽ, ടാറ്റ സൺസ് ചെയർമാൻ എൻ. ചന്ദ്രശേഖരൻ 2023 ലെ റാങ്കിംഗിൽ 8ാം സ്ഥാനത്ത് നിന്ന് 5ാം സ്ഥാനത്തെത്തി. മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ അനീഷ് ഷാ 6ാം സ്ഥാനത്തും ഇൻഫോസിസിന്റെ സലിൽ പരേഖ് 16ാം സ്ഥാനത്തുമാണ്.

കഴിഞ്ഞ വർഷത്തെ റാങ്കിങ്ങിലും അംബാനി ആഗോളതലത്തിൽ രണ്ടാം സ്ഥാനത്തായിരുന്നു. ഈ വർഷം ബ്രാൻഡ് ഗാർഡിയൻഷിപ്പ് ഇൻഡക്സിൽ വൈവിധ്യമുള്ള ബിസിനസ് സിഇഒമാരിൽ ഒന്നാം സ്ഥാനവും സ്വന്തമാക്കിയിട്ടുണ്ട്. മൈക്രോസോഫ്റ്റിന്റെ സത്യ നാദെല്ല, ഗൂഗിളിന്റെ സുന്ദർ പിച്ചൈ, ആപ്പിളിന്റെ ടിം കുക്ക്, ടെസ്‌ലയുടെ എലോൺ മസ്ക് തുടങ്ങിയ പ്രമുഖരെക്കാൾ മുന്നിലാണ് ഇക്കാര്യത്തിൽ മുകേഷ് അംബാനി.






ഐ.എം.എ കൊച്ചി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 31 സി, സിഫി എന്നിവർ സംയുക്തമായി സംഘടിപ്പിച്ച 'വർണ്ണോൽസവം' ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേള കലൂർ ഐ.എം.എ ഹൗസിൽ ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി.പി കുര്യൈപ്പ് ഉദ്ഘാടനം ചെയ്യുന്നു.ഡോ.എം. ഐ ജുനൈദ് റ ഹ്മാൻ, ഡോ. പി.എ മേരി അനിത, ഡോ.ജോർജ്ജ് തുകലൻ, ഡോ. സച്ചിൻ സുരേഷ്,ഡോ. എം. എം ഹനീ ഷ്,ഡോ. ബീന രവികുമാർ, എം. ശിവാനന്ദൻ, പീറ്റർ സെബാസ്റ്റ്യൻ,വി.ജയേഷ്, ടി.ടി തോമസ്, സിജി ജോ യ്, എം.വി ഡേവിസ് തുടങ്ങിയവർ സമീപം



ഐ.എം.എ കൊച്ചി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 31 സി, സിഫി എന്നിവർ സംയുക്തമായി ക ലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച 'വർണ്ണോൽസവം' ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേള യിൽ ചാംപ്യന്മാരായ നായരമ്പലം കരുണാ സ്പെഷ്യൽ സ്കൂൾ വിദ്യാർഥികൾ എറണാകുളം ഡിസ്ട്രി ക്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ എം.എസ് മാധവിക്കുട്ടി ഐ.എ.എസിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു

# വർണ്ണോൽസവം: കരുണാ സ്പെഷ്യൽ സ്കൂളിന് കിരീടം

**കൊച്ചി:** ഐ.എം.എ കൊച്ചി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 31 സിയിലെ വിവിധ ലയൺസ് ക്ലബ്ബുകൾ, സിഫി (സെന്റർ ഫോർ എംപവർമെന്റ് ആന്റ് എന്റിച്ച്മെന്റ്) എന്നിവർ സംയുക്തമായി സംഘടിപ്പിച്ച 'വർണ്ണോൽസവം' ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേളയിൽ നായരമ്പലം കരുണാ സ്പെഷ്യൽ സ്കൂളിന് കിരീടം. പ്രച്ഛന്നവേഷം, ഒപ്പന, സംഘനൃത്തം എന്നീ ഇനങ്ങളിൽ നടത്തിയ മികച്ച പ്രകടനമാണ് കരുണാ സ്കൂളിനെ ചാംപ്യന്മാരാക്കിയത്.

പ്രച്ഛന്നവേഷ മൽസരത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങളും കരുണാ സ്കൂൾ സ്വന്തമാക്കി.സേറാ,അൽവിന, ആഗ്നേയ എന്നവരാണ് യഥാക്രമം ഒന്നും,രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയത്. സംഘനൃത്തത്തിൽ കരുണാ സ്കൂൾ ഒന്നാം സ്ഥാനം നേടിയപ്പോൾ കാലടി പെരാതിയാക്കര സ്നേഹ സദൻ രണ്ടാം സ്ഥാനവും റീന മെമ്മോറിയൽ സംരക്ഷണ സെപ്ഷ്യൽ സ്കൂൾ മൂന്നാം സ്ഥാനവും നേടി. ഒപ്പനയിൽ എടത്തല,എൻഎംഎംഎംഇഎസ് സ്കൂളിനാണ് ഒന്നാം സ്ഥാനം രണ്ടാം സ്ഥാനം നായരമ്പലം കരുണാ സ്പെഷ്യൽ സ്കൂളും മൂന്നാം സ്ഥാനം നവജീവൻ സെപ്ഷ്യൽ സ്കൂളും കരസ്ഥമാക്കി. എറണാകുളം ജില്ലയിലെ 11 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി 300 ൽ പരം കുട്ടികൾ മേളിൽ പങ്കെടുത്തു. കലൂർ ഐ.എം.എ ഹൗസിൽ നടന്ന കലാമേള ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി.പി കുര്യൈപ്പ്,ലയൺസ് ഇന്റർ നാഷണൽ ഡിസ്ട്രിക് 31 സി ഗവർണർ ഡോ. ബീന രവികുമാർ, സിഫി ചെയർമാൻ ഡോ. പി.എ മേരി അനിത, ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.എം.ഐ ജുനൈദ് റഹ്മാൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ് അധ്യക്ഷത വഹിച്ചു.സമാപന സമ്മേളനത്തിൽ എറണാകുളം ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ എം.എസ് മാധവിക്കുട്ടി ഐ.എ.എസ് വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ്, ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് എസ് ശ്രീനിവാസ കമ്മത്ത്,ഡോ.അതുൽ മാനുവൽ, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 31 സി മുൻ ഗവർണർ എം. ശിവാനന്ദൻ, ഡിസ്ട്രിക്റ്റ് ട്രഷറർ പീറ്റർ സെബാസ്റ്റ്യൻ,ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ വി.ജയേഷ്, ടി.ടി തോമസ്, സിജി ജോയ്, എം.വി ഡേവിസ് തുടങ്ങിയവർ പങ്കെടുത്തു.

# എൻസിഎംസി ഡെബിറ്റ് കാർഡുമായി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** നഗരങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങളിൽ ടിക്കറ്റിനു പകരം ഉപയോഗിക്കാവുന്ന വാലറ്റ് ഡെബിറ്റ് കാർഡ് ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. നാഷനൽ കോമൺ മൊബിലിറ്റി കാർഡുമായി സംയോജിപ്പിച്ച റുപേ കോൺടാക്ട്ലെസ് ഡെബിറ്റ് കാർഡുപയോഗിച്ച് എൻസിഎംസി സംവിധാനമുള്ള മെട്രോ സ്റ്റേഷനുകളിലും ബസ് ടെർമിനലുകളിലും ഓഫ്‌ലൈനായി ഞൊടിയിടയിൽ പണമടക്കാൻ സാധിക്കും. കാർഡ് റീഡറിൽ ടാപ് ചെയ്താൽ മാത്രം മതിയാവുന്ന ഈ കാർഡുകളിൽ നിലവിൽ 2000 രൂപ വരെ സൂക്ഷിക്കാനും യാത്രാവേളകളിൽ ഉപയോഗിക്കാനും കഴിയും. റുപേ ഡെബിറ്റ് കാർഡുകളിൽ എൻസിഎംസി സൗകര്യം ആക്ടിവേറ്റ് ചെയ്യാൻ മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ് അല്ലെങ്കിൽ ഐവിആർ എന്നിവയിൽ ഏതെങ്കിലും ഒന്നുപയോഗിച്ച് കാർഡിലെ 'കോൺടാക്ട്ലെസ്' ഫീച്ചർ എനേബിൾ ചെയ്യണം. ശേഷം മെട്രോ സ്റ്റേഷനുകളിലെ കസ്റ്റമർ കെയർ ഡെസ്കുമായി ബന്ധപ്പെട്ട് കാർഡ് ആക്ടിവേറ്റ് ചെയ്യാനും പണം ചേർക്കാനും കഴിയും. സേവിങ് അക്കൗണ്ടിൽ നിന്നോ അല്ലെങ്കിൽ കാർഡ് ഉപയോഗിച്ചോ മെട്രോ സ്റ്റേഷനുകളിൽ പണം നേരിട്ട് നൽകിയോ കാർഡിൽ പണം ചേർക്കാം.

ഫെഡറൽ ബാങ്കിന്റെ റുപേ ഡെബിറ്റ് കാർഡ് ഉള്ളവർക്ക് ഇനി അവരുടെ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് സുഗമമായി യാത്ര ചെയ്യാം.



ഖത്തർ അന്താരാഷ്ട്ര കാർ റാലിയിൽ എംഇആർസി-2 വിഭാഗത്തിൽ മികച്ച പ്രകടനത്തോടെ ഫിനിഷ് ചെയ്ത ഇന്ത്യയിൽ നിന്നും പങ്കെടുത്ത ഫാബിദ് അഹ്മറും മിലൻ ചെറിയാനും

# ഖത്തർ അന്താരാഷ്ട്ര കാർ റാലി: മികച്ച പ്രകടനം നടത്തി ഫാബിദും മിലനും

**കൊച്ചി:** ഖത്തർ അന്താരാഷ്ട്ര കാർ റാലിയിൽ എംഇആർസി-2 വിഭാഗത്തിൽഇന്ത്യയിൽ നിന്നും പങ്കെടുത്ത ഫാബിദ് അഹ്മറും മിലൻ ചെറിയാനും മികച്ച പ്രകടനത്തോടെ ഫിനിഷ് ചെയ്തു. സാങ്കേതിക തകരാറടക്കം ഒട്ടേറെ വെല്ലുവിളികളെ അതിജീവിച്ച് ഇരുവരും ആറാം സ്ഥാനത്ത് മൽസരം പൂർത്തിയാക്കി. വെല്ലുവിളി നിറഞ്ഞ ഭൂപ്രദേശങ്ങളിലൂടെയും ലോകത്തിലെ മികച്ച ഡ്രൈവർമാരോടൊപ്പം മൽസരിക്കുകയും ചെയ്തത് മികച്ച അനുഭവമായിരുന്നുവെന്ന് ഫാബിദ് അഹ്മർ പറഞ്ഞു. ജെ.കെ ടയർ ഇൻഡസ്ട്രീസ് ആയിരുന്നു സ്പോൺസർ ചെയ്തത്. മാർച്ച് 15 മുതൽ 17 വരെ ചെന്നൈയിൽ നടക്കുന്ന ഇൻഡ്യൻ നാഷണൽ കാർ റാലിയുടെ ആദ്യ റൗണ്ട് മൽസരത്തിനുള്ള തയ്യാറെടുപ്പിലാണ് ഫാബിദ് അഹ്മർ.




# സൺഫീസ്റ്റ് യിപ്പീയും ബിംഗോയും അർജന്റീന ടീമിന്റെ റീജ്യണൽ സ്പോൺസർ

**കൊൽക്കത്ത:** അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ (എഎഫ്എ) ഒഫീഷ്യൽ റീജിയണൽ സ്പോൺസർമാരായി ഐടിസിയുടെ സൺഫീസ്റ്റ് യിപ്പീയും ബിംഗോയും. ലോക ചാമ്പ്യനായ അർജന്റീന ഫുട്ബോൾ ടീമിന് ഇന്ത്യയിൽ വലിയ ആരാധകവൃന്ദമുണ്ടെന്ന് കണക്കിലെടുത്താണ് ഈ നീക്കം.

ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് പങ്കെടുക്കാവുന്ന മത്സരങ്ങൾ, നറുക്കെടുപ്പുകൾ തുടങ്ങിയവകളിലൂടെ വിജയികൾക്ക് മാച്ച് ടിക്കറ്റുകൾ നേടാനും ടീം കളിക്കാരെ കാണാനും അഭിവാദ്യം ചെയ്യാനും കായികതാരങ്ങൾ ഒപ്പിട്ട മർച്ചന്റൈസുകളും സ്മരണികകളും മറ്റും നേടാനും അവസരമുണ്ട്. ഒത്തുചേരൽ ആഘോഷിക്കുന്നതിനായി കൊൽക്കൊത്തയിലെ ഐടിസി സോനാറിൽ നടന്ന പരിപാടിയിൽ, ലയണൽ മെസ്സി, ഡി മരിയ, ലൗട്ടാരോ മാർട്ടിനെസ് തുടങ്ങിയവർ ഒപ്പിട്ട മർച്ചന്റൈസുകളും സ്മരണികകളും ഉൾപ്പെടുന്ന എക്സ്ക്ലൂസീവ് പായ്ക്കുകൾ വിപണിയിലിറക്കി.

ഉപഭോക്താക്കളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ ലക്ഷ്യമിട്ടാണ് ലോക ചാമ്പ്യൻ അർജന്റീനയുമായുള്ള പങ്കാളിത്തമെന്ന് ഐടിസി ഫുഡ്സ്, സ്നാക്ക്സ്, നൂഡിൽസ് ആൻഡ് പാസ്ത, മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡന്റും മേധാവിയുമായ സുരേഷ് ചന്ദ് പറഞ്ഞു. അതിർത്തികളും സംസ്കാരങ്ങളും മറികടന്നുചെല്ലാനുള്ള ശക്തി ഫുട്ബോളിനുണ്ടെന്നും ഈ സഹകരണം ഇന്ത്യയിലെ കായിക പ്രേമം വർദ്ധിപ്പിക്കുമെന്നും അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ ചീഫ് കമേഴ്സ്യൽ ആൻഡ് മാർക്കറ്റിംഗ് ഓഫീസർ ലിയാൻഡ്രോ പീറ്റേഴ്സൺ പറഞ്ഞു.പങ്കാളിത്തത്തിന്റെ ഭാഗമായി ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം (ഗോട്ട്) എന്ന പ്രൊമോയും യിപ്പീ അവതരിപ്പിച്ചു, ഇതിൽ പങ്കെടുക്കുന്നവർക്ക്, തങ്ങളുടെ പ്രിയപ്പെട്ട അർജന്റീന കളിക്കാരുമായി യിപ്പീ! നിമിഷം പങ്കിടാനുള്ള മത്സരത്തിനായി സൈൻ അപ്പ് ചെയ്യാം. വിജയികൾക്ക് ഒരു വ്യക്തിഗത ഡിജിറ്റൽ സ്മരണിക ലഭിക്കും. ഇതു കൂടാതെ കളിക്കാരുടെ ഒറിജിനൽ ഓട്ടോഗ്രാഫിട്ട ജഴ്സികളും മറ്റ് നിരവധി എഫ്എ ബ്രാൻഡഡ് ഉൽപ്പന്നങ്ങളും നേടാനുള്ള അവസരവും ലഭിക്കും.

## എസ്ബിഐ ലൈഫ്: അപ്‌നേലിയെ അപ്‌നോകേലിയെ കാമ്പയിൻ രണ്ടാം വർഷത്തിലേക്ക്

**കൊച്ചി:** കുടുംബത്തോടുള്ള ചുമതലകളും വ്യക്തിഗത അഭിലാഷങ്ങളും സന്തുലിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിനെ അടിസ്ഥാനമാക്കിയുള്ള എസ്ബിഐ ലൈഫ് ഇൻഷൂറൻസിന്റെ കാമ്പയിന്റെ രണ്ടാം വർഷത്തിനു തുടക്കമായി. പിതാവിന്റെ മുന്നോട്ടുള്ള പ്രയാണം മകളുടെ കണ്ണിലൂടെ വീക്ഷിക്കുന്ന രീതിയിലാണ് ഇതു മുന്നോട്ടു പോകുന്നത്. ഇന്നത്തെ ഉപഭോക്താവിന്റെ ഉയർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ എസ്ബിഐ ലൈഫ് മുൻപന്തിയിൽ തുടരുകയാണെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ എസ്ബിഐ ലൈഫ് ബ്രാൻഡ്, കോർപറേറ്റ് കമ്യൂണിക്കേഷൻ, സിഎസ്ആർ മേധാവി രവീന്ദ്ര ശർമ പറഞ്ഞു. ഈ കാമ്പെയിൻ ഒരു വഴികാട്ടിയായി മാത്രമല്ല, എസ്ബിഐ ലൈഫിന്റെ വിശ്വാസ്യതയും വിശ്വസ്തതയും അടങ്ങിയതു കൂടിയാണും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതു രണ്ടാമത്തെ വർഷമാണ് എസ്ബിഐ ലൈഫ് ഈ കാമ്പെയിൻ അവതരിപ്പിക്കുന്നത്.

## രവികുമാർ ഝാ എൽഐസി മ്യൂച്വൽ ഫണ്ട് എംഡി



**കൊച്ചി:** എൽഐസി മ്യചൽഫണ്ട് അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒ യുമായി രവികുമാർ ഝായെ നിയമിച്ചു. 2024 ജനുവരി 31 മുതൽ നിയമനം പ്രാബല്യത്തിൽ വന്നതായി കമ്പനി വാർത്താക്കുറിപ്പിൽ അറിയിച്ചു.എൽഐസി മ്യൂചൽ ഫണ്ട് അസെറ്റ് മാനേജ്മെന്റ് ഡിവിഷണിൽ വിവിധ ഉന്നത തസ്തികകളിൽ 30 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഝാ, 2023 ഡിസംബർ വരെ എക്സിക്യൂട്ടീവ് ഡയറക്ടർ, കോർപറേറ്റ് സ്ട്രാറ്റജി പദവിയിലായിരുന്നു. 57 കാരനായ അദ്ദേഹം റാഞ്ചി യൂണിവേഴ്സിറ്റിയിൽ നിന്ന് കൊമേഴ്സിൽ ഓണേഴ്സ് ബിരുദം നേടിയിട്ടുണ്ട്.

## അപ്പർകേസ് പരിസ്ഥിതി സൗഹൃദ സ്കൂൾ ബാക്ക്പാക്കുകൾ പുറത്തിറക്കുന്നു



**കൊച്ചി:** അപ്പർകേസ്, ഇന്ത്യയിലെ ആദ്യത്തെ സുസ്ഥിര സ്കൂൾ ബി ബാക്ക്പാക്കുകളുമായി സ്കൂൾ ബാക്ക്പാക്ക് വിഭാഗത്തിലേക്ക്. പ്രൈമറി, മിഡിൽ, ഹൈസ്കൂൾ, കോളേജ് എന്നിവയുടെ ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത 27 എസ് കെ യു കൾക്കൊപ്പം, ഈ പുതിയ ശ്രേണി 360 ഡിഗ്രി ട്രാവൽ ഗിയർ ബ്രാൻഡായി അപ്പർകേസിന്റെ സാന്നിധ്യം ശക്തമാക്കുന്നു. റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് കുപ്പികളിൽ നിന്ന് നിർമ്മിച്ച ഈ സ്കൂൾ ബാഗുകൾ കമ്പനിയുടെ സ്വന്തം പ്ലാറ്റ്ഫോമായ അപ്പർകേസ്. ക്കൊ. ഇൻ, ആമസോൺ, ഫ്ലിപ്കാർട്ട്, മിന്ത്ര എന്നിവയിലും രാജ്യവ്യാപകമായി റീട്ടെയിൽ ഔട്ട്ലെറ്റുകളിലും 1800 രൂപ മുതൽ വിലയ്ക്ക് ലഭ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## ഐകൂ നിയോ 9 പ്രോ ഫെബ്രുവരി 8 മുതൽ പ്രീബുക്കിംഗ് ആരംഭിക്കുന്നു




**കൊച്ചി** :ഐകൂ,ഐകൂ നിയോ 9 പ്രോയുടെ പ്രീബുക്കിംഗ് പ്രഖ്യാപിച്ചു. ഫെബ്രുവരി 22ന് ഔദ്യോഗിക ലോഞ്ച് ചെയ്യുന്നതിന് മുന്നോടിയായി, മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള എക്സ്ക്ലൂസീവ് ഓഫർ 2024 ഫെബ്രുവരി 8 മുതൽ ആരംഭിക്കും.മുൻകൂർ ബുക്ക് ചെയുന്ന ഉപഭോക്താക്കൾക്ക് , 2 വർഷത്തെ വാറന്റി, ആയിരം രൂപ അധിക കിഴിവ് ലഭിക്കുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.ക്യുവൽകോം സ്നാപ്ഡ്രാഗൻ 8 ജനറേഷൻ 2 പ്ലാറ്റ്ഫോമിലുള്ള ഐക്യൂ നിയോ 9 പ്രോ ഫെബ്രുവരി 22ന് ഇന്ത്യയിൽ പുറത്തിറക്കും. 2023ൽ ഉപഭോക്താക്കൾ ഏറ്റവും ഇഷ്ടപ്പെട്ടതും ആമസോൺ ഇന്ത്യയിലെ ഏറ്റവും മികച്ച മിഡ് റേഞ്ച് സ്മാർട്ട് ഫോണുമായ ഐക്യു നിയോ ഏഴിന്റെ പിന്തുടർച്ചയായാണ് നിയോ 9 പ്രോ എത്തുന്നത്. 8, 256 ജിബി, 12, 256 ജിബി എന്നീ രണ്ടു വേരിയന്റുകളും ആമസോൺ ഇന്ത്യയിലും ഐക്യൂ ഇസ്റ്റോറുകളിലും വിൽപനയ്ക്കു ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## സിസിഎസ് സി എച്ച് സമ്മേളനം സമാപിച്ചു

# അഞ്ച് സുഗന്ധവ്യഞ്ജനങ്ങളുടെ കോഡെക്സ് മാനദണ്ഡങ്ങൾക്ക് അന്തിമരൂപം




**കൊച്ചി:** ആഗോള തലത്തിൽ സുഗന്ധവ്യജ്ഞനങ്ങളുടെ ഗുണമേന്മാ മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്ന രാജ്യാന്തര സമിതിയായ കോഡെക്സ് കമ്മിറ്റി ഓൺ സ്പൈസസ് ആന്റ് കുലിനറി ഹെർബ്സിന്റെ (സിസിഎസ് സി എച്ച്) ഏഴാമത് സമ്മേളനം കൊച്ചിയിൽ സമാപിച്ചു. അഞ്ച് ദിവസം നീണ്ട സമ്മേളനത്തിൽ വിവിധ തലങ്ങളിലായി നടന്ന ചർച്ചകളിലൂടെ അഞ്ച് സുഗന്ധവ്യഞ്ജനങ്ങളുടെ ആഗോള ഗുണനിലവാരം നിശ്ചിയിക്കുന്ന കോഡെക്സ് മാനദണ്ഡങ്ങൾക്ക് അന്തിമ രൂപം നൽകി.

ഇവ അംഗീകാരത്തിനായി കോഡെക്സ് അലിമെന്റേറിയസ് കമ്മീഷനു സമർപ്പിച്ചു. ഏലം, മഞ്ഞൾ, തക്കോലം, സർവ്വസുഗന്ധി, ജുനിപർ ബെറി എന്നിവയുടെ ഗുണനിലവാര മാനദണ്ഡങ്ങൾക്കാണ് അന്തിമ രൂപമായത്. ഇതിനു പുറമെ വാനിലയുടെ കരട് മാനദണ്ഡം തയാറാക്കൽ പ്രക്രിയ അഞ്ചാം ഘട്ടത്തിലുമെത്തി. ഇത് ഒരു തവണ കൂടി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കും.ഉണക്ക മല്ലി , പേരേലം, കറുവപ്പട്ട, സ്വീറ്റ് മർജോറം എന്നിവയുടെ കോഡെക്സ് മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കമ്മിറ്റി അംഗീകരിച്ചു. വരാനിരിക്കുന്ന സമ്മേളനത്തിൽ ഈ നാല് സുഗന്ധവ്യഞ്ജനങ്ങളുടെ കരട് മാനദണ്ഡങ്ങൾ തയാറാക്കും.അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷമുള്ള ആദ്യത്തെ ഫിസിക്കൽ സമ്മേളനമായിരുന്നു സിസിഎസ് സിഎച്ചിന്റെ ഏഴാം സമ്മേളനം. 31 രാജ്യങ്ങളിൽ നിന്നുള്ള 109 പ്രതിനിധികൾ ഇത്തവണ പങ്കെടുത്തു. സമ്മേളനത്തിൽ ഏറ്റവു കൂടുതൽ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ പങ്കെടുത്തതും ഇത്തവണയാണ്. കമ്മിറ്റിയുടെ അധ്യക്ഷ പദവി ഇന്ത്യയ്ക്കാണ്. സ്പൈസസ് ബോർഡ് ഇന്ത്യയാണ് സിസിഎസ് സി എച്ച് സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്നത്. ഡോ.എം.ആർ.സുദർശനാണ് സമിതിയുടെ ചെയർമാൻ. മുമ്പ് നടന്ന ആറ് സമ്മേളനങ്ങളിലായി കമ്മിറ്റി ഇതുവരെ 11 സുഗന്ധവ്യഞ്ജനങ്ങളുടെ കോഡെക്സ് മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. സമിതിയുടെ അടുത്ത യോഗം 18 മാസത്തിനു ശേഷം നടക്കും.

## വാലൻറൈൻസ് ഡേ കളക്ഷനുമായി മിആ ബൈ തനിഷ്ക്



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ഫാഷണബിൾ ജുവല്ലറി ബ്രാൻഡുകളിലൊന്നായ മിആ ബൈ തനിഷ്ക് വാലൻറൈൻസ് ദിനത്തോടനുബന്ധിച്ച് പ്രത്യേക ആഭരണ ശേഖരമായ ദി ക്യൂപിഡ് എഡിറ്റ് വിപണിയിലവതരിപ്പിച്ചു. ദി ക്യൂപിഡ് എഡിറ്റിൽ ഇയർ റിങുകൾ, പെൻഡൻറുകൾ, നെക്ക് പീസുകൾ തുടങ്ങിയ ആഭരണങ്ങളുടെ ശ്രേണിയാണുള്ളത്.

രണ്ടു വ്യത്യസ്ത ആഭരണങ്ങളായി എളുപ്പത്തിൽ മാറ്റാനാവുന്ന മാഗ്നെറ്റിക് പെൻഡൻറുകൾ ഉൾപ്പെടെയുള്ള മോഡുലാർ ആഭരണങ്ങളും ദി ക്യൂപിഡ് എഡിറ്റ് ശേഖരത്തിൻറെ ഭാഗമായി മിആ ബൈ തനിഷ്ക് അവതരിപ്പിക്കുന്നുണ്ട്. സങ്കീർണ്ണമായ ഡിസൈനുകളിൽ കാന്തങ്ങളുടെയും ലിങ്കുകളുടെയും ഉപയോഗം വൈവിധ്യത്തിൻറെ ഘടകം ചേർക്കുന്നു. ധരിക്കുന്നവരെ അവരുടെ സവിശേഷമായ ശൈലി പ്രകടിപ്പിക്കാനും അനുവദിക്കുന്നു.ആകർഷകമായ റോഡോലൈറ്റ് ജെം സ്റ്റോണുകൾ പ്രാമുഖ്യത്തോടെ അവതരിപ്പിക്കുന്നതാണ് ദി ക്യൂപിഡ് എഡിറ്റിലെ ചില ആഭരണങ്ങൾ. ആഴത്തിലുള്ള ചുവപ്പും പിങ്കും വർണങ്ങളുടെ പേരിൽ അറിയപ്പെടുന്ന ഇവ അഭിനിവേശവും സ്നേഹവും പ്രതീകവൽക്കരിക്കുകയാണ്. ഓരോ പീസിലും കുലീനതയും സങ്കീർണതയും നൽകുന്ന ജെംസ്റ്റോണുകൾ പ്രിയപ്പെട്ടവർക്കു നൽകാൻ ഏറ്റവും ഉത്തമമാണ്.

സ്നേഹം പ്രകടിപ്പിക്കാനുള്ള ഏറ്റവും സുന്ദരമായ മാർഗമാണ് ആശ്ചര്യകരമായ ഈ ആഭരണങ്ങൾ. വാലൻറൈൻസ് ദിനത്തിൻറെ ആവേശം വർധിപ്പിക്കുന്നതിനായി മിആ ബൈ തനിഷ്കിനൊപ്പം പ്രണയം ആഘോഷിക്കുന്ന 10 ദമ്പതികൾക്ക് ബാലിയിലേക്ക് അവിസ്മരണീയമായ ഒരു യാത്ര സമ്മാനിക്കുന്നതിനായി ബാലിവിത്ത്മിയ എന്ന മൽസരവും ഒരുക്കിയിട്ടുണ്ട്.

## സീതാറാം ജിൻഡലിന് പത്മ ഭൂഷൺ



**കൊച്ചി:** ജീവകാരുണ്യ, ആരോഗ്യ പരിപാലന മേഖലകളിലെ വിശിഷ്ട വ്യക്തിത്വമായ ഡോ. സീതാറാം ജിൻഡലിനെ രാജ്യം പത്മഭൂഷൻ നൽകി ആദരിച്ചു. പ്രകൃതിചികിത്സയിലും ജീവകാരുണ്യ രംഗത്തുമുള്ള സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് ഈ ബഹുമതിക്ക് പരിഗണിക്കപ്പെട്ടത്. ഔഷധ രഹിത ചികിത്സയ്ക്ക് ഇദ്ദേഹം നൽകിയ സംഭാവനകളും ജിൻഡൽ നേചർക്യുർ ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻഐ) എന്ന സ്ഥാപനവുമാണ് ഈ ആദരണീയമായ അംഗീകാരം നേടിക്കൊടുത്തത്.ഹരിയാനയിലെ നാൽവ എന്ന ഉൾഗ്രാമത്തിൽ 1932ൽ ജനിച്ച ഡോ. ജിൻഡൽ 197779 കാലത്താണ് ബംഗളുരുവിന് സമീപം പ്രകൃതിചികിത്സയെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ടുള്ള ഗവേഷണ വിഭാഗം കൂടി ഉൾപ്പെടുത്തി പ്രകൃതി ചികിത്സ, യോഗ ആശുപത്രിക്ക് തുടക്കമിട്ടത്. പിന്നീട് തൻറെ ജന്മ ഗ്രാമമായ നാൽവയിൽ എട്ട് ജീവകാരുണ്യ സ്ഥാപനങ്ങളും സ്ഥാപിച്ചു.

## ദക്ഷിണേന്ത്യൻ കരാട്ടെ ചാമ്പ്യൻ ഷിപ്പ്: വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് ചാംപ്യന്മാർ




**കൊച്ചി:** കൊച്ചിയിൽ നടന്ന ദക്ഷിണേന്ത്യൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സീനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിങ്ങ് കോളേജ് ഇലക്ൾട്രിക്കൽ എഞ്ചിനീയറിങ്ങ് മൂന്നാം വർഷ വിദ്യാർത്ഥിയായ ആരോമൽ . ഏ എസ് ചാമ്പ്യനായി. പെൺകുട്ടികളുടെ വ്യക്തിഗത സീനിയർ ബ്ളാക്ക്ബെൽറ്റ് വിഭാഗത്തിൽ കോളേജിലെ ഒന്നാം വർഷ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിങ്ങ് വിദ്യാർത്ഥിനിയായ കൃഷ്ണ പ്രിയ എൻ.ബി. ഒന്നാം സ്ഥാനം കരസ്ഥമാക്കി. യൂണിവേഴ്സൽ എഞ്ചിനീയറിങ്ങ് കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ വിഷ്ണുരാജ് ആർ ആണ് പരിശീലകൻ.




# ജിടെക് മാരത്തോൺ: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ഫെബ്രുവരി 11 ന് കൊച്ചിയിൽ നടക്കുന്ന ജിടെക് മാരത്തോണിൻറെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ ഇൻഫോസിസ് സഹസ്ഥാപകൻ എസ് ഡി ഷിബുലാൽ, ജിടെക് ചെയർമാനും ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസ് എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ലോഗോ പ്രകാശനം.

ലഹരിക്കെതിരായ സന്ദേശം യുവാക്കളിലും വിദ്യാർത്ഥികൾക്കിടയിലും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ ഐടി കമ്പനികളുടെ സംഘടനയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസാണ് (ജിടെക്) മാരത്തോൺ സംഘടിപ്പിക്കുന്നത്. 7000 ലധികം പേർ മാരത്തോണിൽ പങ്കെടുക്കുന്നതിനായി ഇതിനകം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ജിടെക് മാരത്തോണിൻറെ ആദ്യ ലക്കം കഴിഞ്ഞ വർഷം തിരുവനന്തപുരത്താണ് നടന്നത്.കൊച്ചിയിലും പരിസരപ്രദേശത്തുമുള്ള വിദ്യാർത്ഥിസമൂഹം, ഐടി പ്രൊഫഷണലുകൾ, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, പ്രതിരോധ സേനാംഗങ്ങൾ, കോർപറേറ്റ് ജീവനക്കാർ തുടങ്ങിയവർ മാരത്തോണിന് പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തവരിൽ പെടും.രജിസ്റ്റർ ചെയ്തവരിൽ പകുതിയിലേറെ പേരും സ്ത്രീകളും കുട്ടികളുമാണ്. മൂന്ന് കി.മി, പത്ത് കി.മി, 21 കി.മി എന്നീ വിഭാഗങ്ങളിലാണ് മാരത്തോൺ മത്സരങ്ങൾ നടക്കുന്നത്.

കായികമന്ത്രി വി അബ്ദുറഹിമാൻ സമ്മാനങ്ങൾ വിതരണം ചെയ്യും.നോ ടു ഡ്രഗ്സ്, യെസ് ടു ഫിറ്റ്നസ് എന്ന ആഹ്വാനത്തോടെയാണ് കേരളത്തിലെ ഒരു ലക്ഷത്തിലധികം വരുന്ന ഐടി പ്രൊഫഷണലുകൾ ഈ മാരത്തോണിന് പിന്തുണ നൽകുന്നതെന്ന് വി കെ മാത്യൂസ് പറഞ്ഞു. ലഹരി വിഷയത്തിൽ സംസ്ഥാനം നേരിടുന്ന ഗുരുതര സാഹചര്യമെന്ന നിലയിൽ സാർഥകമായ ഇടപെടൽ നടത്തേണ്ടത് ഉത്തരവാദിത്തമായാണ് ഇവിടുത്തെ ഐടി സമൂഹം കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ ആകെ ഐടി ജീവനക്കാരുടെ 80 ശതമാനം പേരുമടങ്ങുന്ന 250 ഓളം ഐടി കമ്പനികളുടെ സംഘടനയാണ് ജിടെക്. ടിസിഎസ്, ഇൻഫോസിസ്, വിപ്രോ, കോഗ്നിസെൻറ്, ഐബിഎസ് സോഫ്റ്റ് വെയർ, ടാറ്റ എൽക്സി, ക്വെസ്റ്റ്, യുഎസ്ടി, ഇവൈ തുടങ്ങിയ വൻകിട കമ്പനികളും ചെറുകിട ഇടത്തരം ഐടി കമ്പനികളും ജിടെക്കിൽ അംഗങ്ങളാണ്.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ ഭൂരിഭാഗം കമ്പനികളും ജിടെക്കിൻറെ ഭാഗമാണ്.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യക്ക് പേയ്മെന്റ് കാർഡ് ഇൻഡസ്ട്രി പിൻ ട്രാൻസാക്ഷൻ സെക്യൂരിറ്റി സർട്ടിഫിക്കേഷൻ

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പേയ്മെന്റ് കാർഡ് ഇൻഡസ്ട്രി പിൻ ട്രാൻസാക്ഷൻ സെക്യൂരിറ്റി (പിസിഐ പിൻ) സർട്ടിഫിക്കേഷൻ നേടി. ഇടപാടുകളിൽ ഉപയോഗിക്കുന്ന കാർഡ് ജകചകളുടെ പ്രോസസ്സിംഗും പ്രക്ഷേപണവും പരിരക്ഷിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളുടെ ഒരു കൂട്ടമാണ് പിസിഐ പിൻ സർട്ടിഫിക്കേഷൻ.

പിൻ പ്രോസസ്സിംഗിൽ ഉൾപ്പെട്ടിരിക്കുന്ന സിസ്റ്റങ്ങളും ഉപകരണങ്ങളും ഉപഭോക്താവിന്റെ സെൻസിറ്റീവ് വിവരങ്ങൾ സംരക്ഷിക്കുന്നതിനായി പേയ്മെന്റ് കാർഡ് ഇൻഡസ്ട്രി സെക്യൂരിറ്റി സ്റ്റാൻഡേർഡ് കൗൺസിൽ (പിസിഐ എസ്എസ്സി) നിശ്ചയിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഈ സർട്ടിഫിക്കേഷൻ ഉറപ്പാക്കുന്നു.



ബാങ്കിന്റെ സിസ്റ്റങ്ങളിലൂടെ പ്രോസസ്സ് ചെയ്യുന്ന എല്ലാ ഇടപാടുകളുടെയും രഹസ്യാത്മകതയും സമഗ്രതയും ഉറപ്പാക്കുന്നതിന് ശക്തമായ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിനും, മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമുള്ള ബാങ്കിന്റെ സജീവമായ സമീപനത്തിനുള്ള അംഗീകാരമാണ് ഈ സർട്ടിഫിക്കേഷൻ. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തങ്ങളുടെ ഇൻഫോർമേഷൻ സിസ്റ്റങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങളും സമ്പ്രദായങ്ങളും നടപ്പിലാക്കുന്നതിനുള്ള പ്രതിബദ്ധത സ്ഥിരമായി പ്രകടമാക്കിയിട്ടുണ്ട്.

# നോർത്തേൺ എആർസി ക്യാപിറ്റൽ ലിമിറ്റഡ് ഐപിഒയ്ക്ക

**കൊച്ചി:** വൈവിധ്യമാർന്ന സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്ന പ്ലാറ്റ്ഫോമായ നോർത്തേൺ എആർസി ക്യാപിറ്റൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 500 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും 21,052,629 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമാഹരിക്കുന്ന തുക ഭാവി മൂലധന, വായ്പ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുക.

ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# ജിംനാസ്റ്റിക് താരങ്ങളെ ആദരിച്ചു

**കൊച്ചി:** ജിംനാസ്റ്റിക് താരങ്ങളെ എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ ആദരിച്ചു. തലശ്ശേരി സായ് അക്കാദമിയിൽ ജനുവരി 31 ആം തീയതി നടന്ന കേരള സ്റ്റേറ്റ് ജംനാസ്റ്റിക്സ് സബ്ജൂനിയർ ആർട്ടിസ്റ്റിക് ആൻഡ് റിഥമിക് ചാമ്പ്യൻഷിപ്പിൽ എറണാകുളം പ്രതിനിധീകരിച്ചു മെഡൽ കരസ്ഥമാക്കിയ താരങ്ങളെയാണ് അമൃത വിദ്യാലയം സ്കൂളിൽ വച്ച് ആദരിച്ചത്. ആർട്ടിസ്റ്റിക് ജിംനാസ്റ്റിക് അണ്ടർ 10 വിഭാഗത്തിൽ ഇടപ്പിള്ളി അമൃത വിദ്യാലയത്തിലെ ഋഷി രജീഷ് രണ്ട് വെള്ളി മെഡലും ഒരു ഓവർഓൾ മെഡലും സ്വന്തമാക്കിയപ്പോൾ ഇതേ വിഭാഗത്തിൽ ഏരൂർ ഭവൻസിലെ കല്യാണി കെ എസും കാക്കനാട് സൻസ്കാര സ്കൂളിലെ റേച്ചൽ അജിത് നെല്ലരിയും ഓരോ വെള്ളി മെഡൽ വീതം സ്വന്തമാക്കി. റിതമിക്ക് ജിംനാസ്റ്റിക് അണ്ടർ 12 വിഭാഗത്തിൽ എസ്സ് ബി ഓ എ പബ്ലിക് സ്കൂളിലെ വിശ്രുത വിനോദ് രണ്ട് വീതം സ്വർണവും വെള്ളിയും ഒരു ഓവർഓൾ സ്വർണ മെഡലും ഗിരിനഗർ ഭവൻസ് വിദ്യ മന്ദിറിലെ അതിത്രി അരുൺ പിള്ള രണ്ട് വീതം സ്വർണവും വെള്ളിയും ഒരു ഓവർഓൾ വെള്ളി മെഡലും സ്വന്തമാക്കി. ഇതേ വിഭാഗത്തിൽ അണ്ടർ 10 വിഭാഗത്തിൽ നൈപുണ്യ പബ്ലിക് സ്കൂളിലെ ഡീന ഡെയ്ൽ രണ്ട് സ്വർണവും കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിലെ അദ്വിക മരിയ പോൾ രണ്ട് വെള്ളിയും സ്വന്തമാക്കി.കേരള ഒളിമ്പിക് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് മോഹൻദാസ്, അമൃത വിദ്യാലയം സീനിയർ ടീച്ചർ സൗമ്യ ശ്രീവത്സൻ, എറണാകുളം ഡിസ്ട്രിക്ട് ഒളിമ്പിക് അസോസിയേഷൻ ട്രഷറർ സി കെ സനിൽ, കേരള ജിംനാസ്റ്റിക് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ സജീവ് എസ് നായർ, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ സെക്രട്ടറി ദേവാനന്ദ്, ഡിസ്ട്രിക്ട് സൈക്ലിംഗ് അസോസിയേഷൻ പ്രസിഡന്റ് അബൂബക്കർ, സ്പോർട്സ് കൗൺസിൽ മെമ്പർ മേരി ജോർജ് തോട്ടം എന്നിവർ ചടങ്ങിൽ പങ്കെടുത്ത് കുട്ടികളെ അനുമോദിച്ചു.

# ജൂനിയർ റസിഡന്റ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു.

യോഗ്യത:എംബിബിഎസ്. വേതനം: 45,000 രൂപ. ആറുമാസ കാലയളവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം ഫെബ്രുവരി 9 ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് വാക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണം. അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ.സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842754000.



# മാരാമൺ കൺവൻഷന് ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ

**പത്തനംതിട്ട:** ഫെബ്രുവരി 11 മുതൽ 18 വരെ നടക്കുന്ന മാരാമൺ കൺവൻഷനുമായി ബന്ധപ്പെട്ടുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. കൺവൻഷനുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മാരാമൺ മാർത്തോമാ റിട്രീറ്റ് സെന്ററിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കൺവൻഷനു മുന്നോടിയായുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. സംഘാടക സമിതിയുടെ മേൽനോട്ടത്തിൽ കൺവൻഷൻ നഗറിൽ പൂർണമായി സിസിടിവി സ്ഥാപിച്ചിട്ടുട്ടുണ്ട്. ക്രമീകരണങ്ങളും സുരക്ഷാസന്നാഹങ്ങളും പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന പ്രത്യേക സംഘം നേരിട്ടു പരിശോധിച്ച് ഉറപ്പു വരുത്തും. ക്രമാസമാധാനപാലനം, സുരക്ഷ, പാർക്കിംഗ്, ഗതാഗതം എന്നിവ സംബന്ധിച്ച ക്രമീകരങ്ങൾ പോലീസ് വകുപ്പ് സജ്ജമാക്കും. കോഴഞ്ചേരിയിലും നെടുംപ്രയാറിലും കണ്ട്രോൾ റൂം സജ്ജമാണ്. അത്യാഹിതങ്ങൾ ഒഴിവാക്കുന്നതിന് തീർത്ഥാടകരും പൊതുജനങ്ങളും സമീപമുള്ള ആറ്റുതീരങ്ങളിലും ജലാശയങ്ങളിലും ഇറങ്ങുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ഇത്തരം മേഖലകളിൽ സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൺവൻഷൻ നഗറിൽ ആംബുലൻസ് സൗകര്യത്തോട് കൂടി പൂർണ്ണസജ്ജമായ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കണം. അധിക ആംബുലൻസ് സേവനം അവശ്യ ഘട്ടങ്ങളിൽ ലഭ്യമാക്കും. അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് എമർജൻസി എവാക്വേഷൻ റൂട്ടുകൾ തയാറാക്കും. അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റിന്റെയും സ്കൂബാ ഡൈവിങ് ടീമിന്റെയും സേവനം ലഭ്യമാക്കും. കോഴഞ്ചേരി ജില്ലാ ആശുപത്രിയും സമീപമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തനസമയം ക്രമീകരിച്ച് സജ്ജമാക്കും.

ശുചിമുറികളും കുടിവെള്ളവും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ തയാറാണ്. കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് മണിക്കൂറിൽ 1000 ലിറ്റർ ശേഷിയുള്ള രണ്ട് ആർ.ഓ യൂണിറ്റുകളും താത്കാലിക ടാപ്പുകളും അടക്കമുള്ള ക്രമീകരണങ്ങൾ വാട്ടർ അതോറിറ്റി സജ്ജീകരിക്കും. കുടിവെള്ളത്തിന്റെ ശുദ്ധത പരിശോധിച്ച് ഉറപ്പു വരുത്തും. കൺവൻഷൻ നഗറിലും സമീപ പ്രദേശങ്ങളിലും വൈദ്യുതി വിതരണം ഉറപ്പാക്കണം. തകരാറിലായ തെരുവുവിളക്കുകൾ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ നന്നാക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി സ്വീകരിക്കും.കൺവൻഷൻ നഗറിലും പരിസര പ്രദേശങ്ങളിലും വ്യാജമദ്യ വില്പന, നിരോധിത ലഹരി വസ്തുക്കളുടെ വില്പന തുടങ്ങിയവ തടയുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് നടത്തി വരുന്നു. പത്തനംതിട്ട, ചെങ്ങന്നൂർ, പന്തളം, കൊട്ടാരക്കര, തിരുവല്ല, അടൂർ സ്റ്റേഷനുകളിൽ നിന്നും അധിക സർവീസുകൾ ആവശ്യാനുസരണം കെഎസ്ആർടിസി നടത്തും. കോഴഞ്ചേരി വലിയപാലത്തിന്റെ അറ്റകുറ്റപ്പണികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണമെന്ന് മന്ത്രി നിർദേശം നൽകി,

യോഗത്തിൽ ജില്ലാ കളക്ടർ എ. ഷിബു, അഡിഷണൽ പോലീസ് സുപ്രണ്ടന്റ് പ്രദീപ്കുമാർ, അടൂർ ആർഡിഒ ജയമോഹൻ, ദുരന്തനിവാരണ വകുപ്പ് ഡപ്യൂട്ടി കളക്ടർ ടി.ജി ഗോപകുമാർ, ജില്ലാ പഞ്ചായത്ത് അംഗം സാറാ തോമസ്, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ വത്സല, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോയ് ഫിലിപ്പ്, തൊട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എസ് ബിനോയ്, മലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ജിജോ ജോസഫ്, ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ ടി ടോജി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മലബാർ മാർത്തോമ്മ സിറിയൻ ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ, ജനറൽ സെക്രട്ടറി എബി കെ. ജോഷ്വ, ട്രാവല്ലിംഗ് സെക്രട്ടറി റവ. ജിജി വർഗീസ്, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഫ്രം വഞ്ചി ടു മെട്രോ പ്രകാശനം ചെയ്തു

**കൊച്ചി:** കൊച്ചിയുടെ ചരിത്രം പരിശോധിക്കുമ്പോൾ കൊച്ചിയുടെ സാമ്പത്തിക വാണിജ്യ രംഗത്തെ വളർച്ചകൾക്ക് ഗതാഗത രംഗത്തെ വളർച്ചകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇവയെല്ലാം കോർത്തിണക്കി ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുകയാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. ഫ്രം വഞ്ചി ടു മെട്രോ എന്ന് പേരിട്ടിരിക്കുന്ന പുസ്തകം ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും *ഡി സി ബുക്സിന്റെയും സഹകരണത്തോടെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

വഞ്ചിയും ചങ്ങാടങ്ങളും മുതൽ മോട്ടോർ വാഹനങ്ങളും ട്രാമുകളും റെയിൽവേയും കൊച്ചി മെട്രോയും വാട്ടർ മെട്രോയുമെല്ലാം എങ്ങനെ കൊച്ചിയുടെ വളർച്ചക്ക് വഴിയൊരുക്കിയെന്ന് പുസ്തകം വിശദീകരിക്കുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ വിവിധ പദ്ധതികൾ വിജയം കാണുന്നതിൽ ടി.ജെ.വിനോദ് എംഎൽഎ കെഎംആർഎല്ലിന് എല്ലാവിധ ആശംസയും അറിയിച്ചു.റിട്ടയേർഡ് ഐപിഎസ് ഉദ്യോഗസ്ഥൻഹോർമീസ് തരകൻ, രവി ഡിസി, മനു ജേക്കബ്, ബോണി തോമസ്, അനിൽ വാസു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഡി സി ബുക്സിന്റെ വിവിധ സ്റ്റോറുകളിൽ പുസ്തകം ലഭിക്കും. പുസ്തകത്തിന്റെ പേപ്പർ ബാക്ക് പതിപ്പിന് 800 രൂപയും ഹാർഡ് ബൗണ്ട് പതിപ്പിന് 1500 രൂപയുമാണ് വില. പുസ്തകത്തിന്റെ ഡിജിറ്റൽ പതിപ്പും ഉടൻ പുറത്തിറക്കുമെന്ന് ഡി സി ബുക്സ് അധികൃതർ അറിയിച്ചു.

# ആർപി ടെക്ക് ഇന്ത്യ ഐപിഒ ഇന്നു മുതൽ

**കൊച്ചി:** ആഗോള ടെക്നോളജി ബ്രാൻഡുകളുടെ ഇന്ത്യയിലെ മുൻനിര വിതരണക്കാരായ റാഷി പെരിഫറൽസ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഈ മാസം ഏഴിന് ആരംഭിക്കും. 600 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളാണ് വിറ്റഴിക്കുന്നത്. 295311 രൂപയാണ് പ്രതി ഓഹരി വിലയായി നിശ്ചയിച്ചിരിക്കുന്നത്. ഓഹരി വിൽപ്പന ഫെബ്രുവരി 9ന് ക്ലോസ് ചെയ്യും. നിക്ഷേപകർക്ക് വാങ്ങാവുന്ന ഏറ്റവും ചുരുങ്ങിയ ബിഡ് ലോട്ട് 48 ഇക്വിറ്റി ഓഹരികളാണ്. സമാഹരിക്കുന്ന തുക കോർപറേറ്റ് ആവശ്യങ്ങൾക്കും പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റും വിനിയോഗിക്കും. മുംബൈ ആസ്ഥാനമായ റാഷി പെരിഫറൽസ് ലിമിറ്റഡ് 1989ലാണ് സ്ഥാപിതമായത്. ഇന്ത്യയിലുടനീളം 50 ശാഖകളും 63 വെയർഹൗസുകളും കമ്പനിക്കുണ്ട്. എച്ച്പി, ഡെൽ, അസുസ്, ഇന്റൽ, ലെനോവോ, തോഷിബ, ഹർമൻ തുടങ്ങി നിരവധി ആഗോള ടെക്നോളജി കമ്പനികളുടെ ഉൽപ്പന്ന വിതരണക്കാരാണ് ആർപി ടെക്ക് ഇന്ത്യ.

# ട്രാൻസ്ജെൻഡർ വോട്ടർ എൻറോൾമെന്റിൽ 40 ശതമാനം വർധന

**തിരുവനന്തപുരം:** പൊതുതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ ട്രാൻസ്ജെൻഡർ വോട്ടർ എൻറോൾമെന്റ് ക്യാമ്പ് സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ സ്വീപിന്റെയും സർക്കാർ വനിതാ കോളേജ് ഇലക്ടറൽ ലിറ്ററസി ക്ലബിന്റെയും ആഭിമുഖ്യത്തിൽ നടന്ന എൻറോൾമെന്റ് ക്യാമ്പ് അസിസ്റ്റന്റ് കളക്ടർ അഖിൽ.വി. മേനോൻ ഉദ്ഘാടനം ചെയ്തു. എല്ലാവരേയും ഉൾപ്പെടുത്തി, എല്ലാവരിലേക്കും എത്തുന്ന തിരഞ്ഞെടുപ്പാണ് ലക്ഷ്യമെന്നും ഈ അവസരം ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അസിസ്റ്റന്റ് കളക്ടർ പറഞ്ഞു.

വഴുതക്കാട് സർക്കാർ വനിതാ കോളേജിൽ നടന്ന ക്യാമ്പിൽ അൻപതോളം പേരാണ് പങ്കെടുത്തത്. വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കുന്നതിനും, ജെൻഡർ മാറ്റത്തിനും, പേര്, വിലാസം ഉൾപ്പെടെ തിരുത്തലുകൾ വരുത്തുന്നതിനും അവസരം ഒരുക്കിയിരുന്നു. പത്തോളം ബൂത്ത് ലെവൽ ഓഫീസർമാരുടെ സേവനവും ഇതിനായി ഉപയോഗപ്പെടുത്തി. ഔദ്യോഗിക കണക്കുകൾ പ്രകാരം ജില്ലയിൽ 62 പേർ നേരത്തെ എൻറോൾ ചെയ്തിട്ടുണ്ട്. 25 പേർ ക്യാമ്പിലൂടെ പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർത്തു. ഇരുപതോളം പേർ തിരുത്തലുകൾ വരുത്തി. ഇത്തരത്തിൽ വോട്ടർ എൻറോൾമെന്റിൽ 40 ശതമാനം വർധനവാണുണ്ടായത്.

ഗവ.വനിതാ കോളേജ് പ്രിൻസിപ്പാൾ അനുരാധ അധ്യക്ഷയായിരുന്നു. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സുധീഷ് .ആർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ ഷൈനിമോൾ, തിരുവനന്തപുരം സ്വീപ് ട്രാൻസ്ജെൻഡർ ഐക്കൺ ശ്യാമ.എസ്.പ്രഭ, ഇലക്ടറൽ ലിറ്ററസി ക്ലബ് ജില്ലാ കോർഡിനേറ്റർ മഹേഷ് എന്നിവരും പങ്കെടുത്തു.

# ലക്ചറർ കരാർ നിയമനം

**പത്തനംതിട്ട:** ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ (സി.എഫ്.ആർ.ഡി) ഉടമ സ്ഥതയിലുള്ള കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജിയിൽ (സി.എഫ്.റ്റി.കെ) മൈക്രോബയോളജി വിഭാഗത്തിൽ ലക്ചറർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചു. പ്രതിമാസ വേതനം 20,000 രൂപ. യോഗ്യത മൈക്രോബയോളജി വിഷയത്തിൽ ഒന്നാം ക്ലാസ്/ ഉയർന്ന സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും (നെറ്റ്/പിഎച്ച്ഡി അഭികാമ്യം) ഒരു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പ്രവൃത്തി പരിചയവും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 23/02/2024. www.supplycokerala.com, www.cfrdkerala.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എറണാകുളം ജില്ലാ ഓഫീസ്3, എൻവയോൺമെന്റൽ സർവൈലൻസ് സെന്റർ ഏലൂരിലേക്ക് കരാർ അടിസ്ഥാനത്തിൽ 5 വർഷത്തിലധികം പഴക്കമില്ലാത്തതും 50,000 കിലോമീറ്ററിലധികം ഓടിയിട്ടില്ലാത്തതുമായ 1500 സിസി യിൽ താഴെയുള്ള എ സി സെഡാൻ ടൈപ്പ് വാഹനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 19 വൈകിട്ട് 3 വരെ. ക്വട്ടേഷൻ സമർപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ബോർഡിന്റെ www.kspcb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ 04842545678, 9447975747.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** 202324 സാമ്പത്തിക വർഷത്തിൽ വടവുകോട് ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിലുള്ള 155 അങ്കണവാടികൾക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 9 ഉച്ചയ്ക്ക് 2:30 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ വടവുകോട് ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0484 2730320,7907928042.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ഉപയോഗത്തിലേക്ക് ഐഡന്റിറ്റി കാർഡ് ടാഗ് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഫെബ്രുവരി 13 ഉച്ചയ്ക്ക് 2.30 വരെ നൽകാം. കൂടുതൽ വിവരങ്ങൾ ഹൈക്കോടതി ഭരണ വിഭാഗം രജിസ്ട്രാർ ഓഫീസിൽ അറിയാം.

കേരള ഹൈക്കോടതിയുടെ ഉപയോഗത്തിലേക്ക് എക്സിക്യൂട്ടീവ് ചെയർ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഫെബ്രുവരി 14 ഉച്ചയ്ക്ക് 2 വരെ നൽകാം. കൂടുതൽ വിവരങ്ങൾ ഹൈക്കോടതി ഭരണ വിഭാഗം രജിസ്ട്രാർ ഓഫീസിൽ അറിയാം.

# നവരസ വസ്ത്ര ശേഖരവുമായി ലുലു സെലിബ്രേറ്റ്

**കൊച്ചി :** രസാഭിനയത്തിന്റെ മുഖഭാവഭങ്ങൾ വരച്ചിടുന്ന നവരസങ്ങളുടെ ശൈലിയിൽ നവീനമായ നൂലിഴകൾ കൊണ്ട് ചേർത്ത നവരസ വസ്ത്രശേഖരം ലുലു സെലിബ്രേറ്റ് അവതരിപ്പിച്ചു.

ബ്രൈഡൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനായി പ്രത്യേകം നിർമ്മിച്ച വസ്ത്രശേഖരമാണ് നവരസ. ഇരുത്തിനാല് കാരറ്റ് സ്വർണം, വെള്ളി, ജെർമ്മൻ സിലവർ നൂലിഴകൾ കൊണ്ട് രൂപപ്പെടുത്തിയ ക്ലാസിക് മോഡേൺ വസ്ത്ര ശേഖരമാണ് നവരസ. ബ്രൈഡൽ സങ്കൽപ്പങ്ങളുടെ വിസ്മയം സമ്മാനിച്ച ലുലു സെലിബ്രേറ്റ് വെഡ്ഡിംഗ് ഉത്സവിന്റെ സമാപനദിനത്തിൽ, ഷെയ്ൻ നിഗം, മഹിമ നമ്പ്യാർ എന്നിവർ ചേർന്ന് നവരസ കളക്ഷൻസ് അവതരിപ്പിച്ചു. ക്ലാസിക്കൽ, മോഡേൺ സ്റ്റൈലുകളിൽ ആകർഷകമായ ശേഖരമാണ് നവരസയിൽ ഒരുക്കിയിരിക്കുന്നത്.അഞ്ച് ദിവസം നീണ്ട നിന്ന ലുലു വെഡ്ഡിംഗ് ഉത്സവ് കൊച്ചിക്ക് ബ്രൈഡൽ സങ്കൽപ്പങ്ങളുടെ വിപുലമായ അനുഭവമാണ് നൽകിയത്. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ വെഡ്ഡിംഗ് എക്സ്പോയായി മാറി വെഡ്ഡിംഗ് ഉത്സവ്. .

വിവാഹത്തിന്റെ ലൊക്കേഷൻ, സാരി, പൂക്കൾ, ഡെക്കറേഷൻ തുടങ്ങി വെഡ്ഡിംഗ് പ്ലാനുകളുമായി ബന്ധപ്പെട്ട എല്ലാം ഒരു കുടക്കിഴിൽ അണിനിരത്തിയായിരുന്നു ഉത്സവ്. വിവാഹ വസ്ത്രധാരണം, അലങ്കാരം, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, കാറ്ററിംഗ് അടക്കം മാറുന്ന കാലത്തെ വെഡ്ഡിംഗ് ട്രെൻഡുകൾ പരിചയപ്പെടുത്തിയതിനൊപ്പം വെഡ്ഡിംഗ് പ്ലാനർമാരുമായി നേരിട്ട് സംവദിയ്ക്കാനും സൗകര്യം ഒരുക്കിയിരുന്നു. കലാപരിപാടികളും, ബ്രൈഡൽ ഫാഷൻ ഷോ എന്നിവ മിഴിവേകി. വ്യത്യസ്ഥമായ വിവാഹ വിഭവങ്ങൾ രുചിച്ചറിയാൻ വിവാഹ ഫുഡ് സ്പെഷ്യൽ സ്റ്റാളും വേറിട്ട അനുഭവമായി. റോയൽ വിന്റേജ് കാറുകളുടെ പ്രദർശനം മികച്ച അനുഭവമാണ് ഉപഭോക്താകൾക്ക് സമ്മാനിച്ചത്.ലുലു ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു സെലിബ്രേറ്റ് ബിസിനസ് ഹെഡ് സിദ്ധാർത്ഥ് ശശാങ്കൻ, ലുലു സെലിബ്രേറ്റ് മാർക്കറ്റിംഗ് മാനേജർ വൈഷ്ണവ് ഡി ദാസ് തുടങ്ങിയവരും ചടങ്ങിൽ ഭാഗമായി



BAJAJ ASSET MANAGEMENT

# ബജാജ് ഫിൻസെർവ് ലാർജ് ആൻഡ് മിഡ് ക്യാപ് ഫണ്ട് എൻഎഫ്ഒ ആരംഭിച്ചു

**കൊച്ചി:** ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് പുതിയ ഇക്വിറ്റി ഫണ്ടായ ബജാജ് ഫിൻസെർവ് ലാർജ് ആൻഡ് മിഡ് ക്യാപ് ഫണ്ടിന്റെ ന്യൂ ഫണ്ട് ഓഫർ (എൻഫ്ഒ) ആരംഭിച്ചു. ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

ദീർഘകാല സുസ്ഥിരതയും ലാഭക്ഷമതയും ലക്ഷ്യമിട്ടുള്ള എക്കണോമിക് മോട്സ് എന്ന ആശയത്തിൽ ഊന്നി പ്രവർത്തിക്കുന്ന ഈ ഓപ്പൺഎൻഡഡ് ഫണ്ട്, ലാർജ്ക്യാപ്, മിഡ്ക്യാപ് ഓഹരികളിലാണ് നിക്ഷേപിക്കുകയെന്ന് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് സിഐഒ നിമേഷ് ചന്ദ്രൻ പറഞ്ഞു. കമ്പനിയുടെ ലാഭക്ഷമതയെ ഭാവികാല വെല്ലുവിളികളിൽ നിന്നും സംരക്ഷിക്കുന്നതാണ് നിക്ഷേപത്തിലെ എക്കണോമിക് മോട്. പെട്ടെന്നുള്ള വളർച്ചയും ലാഭക്ഷമതയും സുസ്ഥിരമായ മത്സരമികവുമുള്ള ബിസനസ് മേഖലകൾ തെരഞ്ഞെടുക്കുന്നതിലൂടെയാണ് ഈ നിക്ഷേപരീതി പ്രവർത്തിക്കുന്നത്.

വിപണിയുടെ പ്രവർത്തനത്തിന്റെ ഉള്ളറിഞ്ഞുള്ള തന്ത്രപരമായ നീക്കങ്ങളുടെ സാക്ഷ്യമാണ് പുതിയ എൻഎഫ്ഒയെന്ന് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് സിഇഒ ഗണേഷ് മോഹൻ പറഞ്ഞു. വലിയ കമ്പനികളുടേയും മികച്ച ഇടത്തരം കമ്പനികളുടേയും വളർച്ചാസാധ്യതകൾ കണക്കിലെടുത്താണ് പുതിയ ഫണ്ട് നിക്ഷേപങ്ങൾ നടത്തുകയെന്നും അദ്ദേഹം പറഞ്ഞു.



# നവീകരിച്ച പനമ്പിള്ളി നഗർ സ്ട്രീറ്റ് സ്കേപ്പ് തുറന്നു

**കൊച്ചി:** മെട്രോ റെയിൽ ലിമിറ്റഡിന്റെ നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് ഇനിഷിയേറ്റിവ് പദ്ധതിയുടെ ഭാഗമായി നവീകരിച്ച പനമ്പിള്ളി നഗർ സ്ട്രീറ്റ് സ്കേപ് വാക്ക് വേ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. പനമ്പിള്ളി നഗറിൽ നടന്ന ചടങ്ങിൽ മേയർ അഡ്വക്കേറ്റ് എം അനിൽകുമാർ, ടി ജെ വിനോദ് എംഎൽഎ, ലോക്നാഥ് ബെഹ്റ, അനിൽ വാസു (ഡിജിഎം, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ) എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. നഗരത്തിലെ റോഡുകൾ ഇത്രം ഭംഗിയായി ഉപയോഗിക്കാൻ സാധിക്കുമെന്ന് മനസ്സിലാക്കിയത് കൊച്ചി മെട്രോ നിർമ്മാണത്തിന് ശേഷമാണെന്ന് മന്ത്രി പി.രാജീവ് അഭിപ്രായപ്പെട്ടു.

സ്ട്രീറ്റ് സ്കേപ് മാതൃക നടപ്പാതയാക്കി നിലനിർത്തുന്നതിൽ പൊതുജനങ്ങളുടെ പങ്ക് വലുതാണെന്നും അവർ മുൻകൈ എടുക്കണമെന്നും മന്ത്രി ഓർമ്മിപ്പിച്ചു. നഗരത്തിന്റെ വളർച്ചയിൽ കെഎംആർഎല്ലിന്റെ നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് ഇനിഷിയേറ്റിവ് പദ്ധതികൾ ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നതെന്ന് മേയർ അഡ്വക്കേറ്റ് എം അനിൽകുമാർ വ്യക്തമാക്കി. ജിസിഡിഎയുടെയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെയും സഹകരണത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് പദ്ധതിയുടെ ഭാഗമായി 2016ൽ നിർമ്മിച്ചതാണ് ഈ സ്ട്രീറ്റ് സ്കേപ്പ് വാക്ക് വേ.

കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി നടക്കാനുള്ള നടപ്പാതയും പ്രത്യേകം തയ്യാറാക്കിയ സൈക്കിൾ ട്രാക്കും തണൽ മരങ്ങളും വഴിവിളക്കുകളുമെല്ലാം സ്ട്രീറ്റ് സ്കേപ്പിനെ എല്ലാവരുടെയും ഇഷ്ടകേന്ദ്രമാക്കി. വർഷങ്ങൾക്കിപ്പുറം ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ സ്ട്രീറ്റ് സ്കേപ്പിന്റെ മുഖം മിനുക്കിയിരിക്കുകയാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. 850 മീറ്റർ നീളമുള്ള ഈ നടപ്പാതയും സൈക്കിൾ ട്രാക്കും നവീകരിച്ചതോടൊപ്പം കലാകാരൻമാർക്ക് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ഒരു സ്റ്റേജും ഒരുക്കിയിട്ടുണ്ട്. നിറം മങ്ങിയ സ്ട്രീറ്റ് സ്കേപ്പ്, കാലപ്പഴക്കം ചെന്ന വഴിവിളക്കുകൾ മാറ്റി സ്ഥാപിച്ചത്തോടെ പുത്തൻ മേക്കോവറിൽ പൊതുജനങ്ങൾക്കായി വീണ്ടും തുറക്കുകയാണ്.

